"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - പത്തനംതിട്ട- വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്ത് - വി.സി..05/2024/പി.റ്റി.എ ട്രാപ് കേസിൽ അറസ്റ്റിലായ അസി.എഞ്ചിനിയർ ശ്രീമതി വിജി വി.-യ്ക്കെതിരായ അച്ചടക്കനടപടി - 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരമുള്ള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥയെ നിയമിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1495/2025/LSGD തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:-

1. വിജിലൻസ്(ഡി) വകുപ്പിൽ നിന്നുള്ള 17/10/2024-ലെ VIG D3/170/2024/VIG നമ്പർ കുറിപ്പ്.
2 വിജിലൻസ്ഡയറക്ടറുടെ 20/09/2024-ലെ C1(VC 5/2024/PTA) 34072/2024/DVACB നമ്പർ റിപ്പോർട്ട്.
3. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.08.2024-ലെ LSGD/PD/28949/2024-VIG B2 നമ്പർ നടപടിക്രമം.
4 തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.10.2024-ലെ LSGD/PD/28949/2024-VIG B 2 നമ്പർ കത്ത്.
5. 19/11/2024-ലെ 77/EWA1/2024/LSGD നമ്പർ കുററപത്രവും കുറ്റാരോപണ പത്രികയും.
6 15.4.2025-ൽ അസി.എഞ്ചിനിയർ ശ്രീമതി വിജി വി. സമർപ്പിച്ച പ്രതിവാദപത്രിക.
7 തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.06.2025-ലെ LSGD/PD/28949/2024-VIG B2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിലെ **2023-24** സാമ്പത്തിക പദ്ധതിയിൽ ഉൾപ്പെട്ട എണ്ണൂറാം വയൽകുളം നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ച് അന്തിമബിൽ തയ്യാറാക്കി നൽകുന്നതിന് കരാറുകാരനിൽ നിന്ന് അസി.എഞ്ചിനിയർ ശ്രീമതി വിജി വി. കൈക്കൂലി ആവശ്യപ്പെടുകയും ആയത് കൈപ്പറ്റുന്നതിനിടയിൽ വിജിലൻസ് ട്രാപ്പിൽ അറസ്റ്റിലാവുകയും ചെയ്തുവെന്ന പരാമർശം **2** റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥയ്ക്കെതിരെ **1960**-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും ) ചട്ടങ്ങളിലെ ചട്ടം **15** പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ്

എഞ്ചിനീയറായിയിരുന്ന ശ്രീമതി. വിജി.വി ക്കെതിരെ പരാമർശം 5 പ്രകാരം കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ ലഭ്യമാക്കുകയും ചെയ്തിരുന്നു. കുറ്റാരോപിത പരാമർശം 6 പ്രകാരം സമർപ്പിച്ച എതിർവാദപത്രികയിൽ ആരോപണങ്ങൾ നിഷേധിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ,കരാറുകാരനിൽ നിന്ന് കൈക്കൂലി ആവശ്യപ്പെടുകയും ആയത് കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് കുറ്റാരോപിതയായ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥയ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി റാന്നി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി എസ്. സബിത (പെൻ:501033)-യെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് ഉത്തരവാകുന്നു.

3. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ ഔപചാരിക അന്വേഷണത്തിന്റെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് ഒരുമാസത്തിനുള്ളിൽ സർക്കാറിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീമതി സബിത എസ്.(Pen-501053),അസി.എക്സി.എഞ്ചിനിയർ,റാന്നി ബ്ലോക്ക്പഞ്ചായത്ത് (പരാമർശിത രേഖകളുടെ പകർപ്പുകൾ ഉൾപ്പെടെ) **(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അടിയന്തര തുടർനടപടിയ്ക്കായി)**
2. ശ്രീമതി വിജി വി., അസി.എഞ്ചിനിയർ(സസ്പെൻഡഡ് From വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്) **തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
5. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 18-06-2025 15:21:19
സെക്ഷൻ ഓഫീസർ